## പതിമൂന്നാം കേരള നിയമസഭ – എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :174 18/03/13-ൽ മറുപടിക്ക്

### <u>മത്സ്യമാർക്കറ്റുകളുടെ നവീകരണം</u>

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.പി. ജയരാജൻ | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) 2012-13 സാമ്പത്തിക വർഷത്തിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (എ) 2012-13 സാമ്പത്തിക വർഷത്തിൽ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിന് 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും 53 ലക്ഷം രൂപ സംസ്ഥാന വിഹിതമായി കേരള സംസ്ഥാന തീരദ്ദേശ വികസന കോർപ്പറേഷന് അനുവദിച്ച് നല്കിയിട്ടുണ്ട് |
| (ബി) 2012-13 സാമ്പത്തിക വർഷത്തിൽ ആ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനാണ് ഫണ്ട് അനുവദിച്ചതെന്നും ഒരോ മത്സ്യമാർക്കറ്റിനും എത്ര തുക വീതമാണ് അനുവദിച്ചതെന്നും ഇവയോരോന്നും ഏതു ജില്ലയിലെ ഏതു നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതാണെന്നും വ്യക്തമാക്കുമോ? | (ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് 2012-13 സാമ്പത്തിക വർഷത്തിൽ NFDB യുടെ സഹായത്തോടെ ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം കേരള സംസ്ഥാന തീരദ്ദേശ വികസന കേർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ ഇരിങ്ങാലക്കുട,കണ്ണൂർ, പള്ളുരുത്തി,കല്പറ്റ, കാസർഗോഡ്,നിലമ്പൂർ, തലശ്ശേരി എന്നീ മത്സ്യമാർക്കറ്റുകൾ (ക്രമനമ്പർ |

13 മുതൽ 19 വരെ നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട് ബാക്കി 10 മത്സ്യമാർക്കറ്റുകൾക്ക് (ക്രമനമ്പർ 20 മുതൽ 29 വരെ) ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇത്തരത്തിൽ ഫണ്ട് ലഭ്യമാക്കുവാൻ തീരുമാനിച്ച മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതികൾക്കെല്ലാം ഭരണാനുമതിലഭ്യമാക്കിയോ എന്നും ഇവ ഏത് എജൻസി മുഖേനയാണ് നടപ്പിലാക്കുന്നത് എന്നും വ്യക്തമാക്കുമോ?

(സി) നാഷണൽ ഫിഷറീസ് ഡെവലപ്മെൻറ് ബോർഡിൻെറ സഹായത്തോടെ സംസ്ഥാനത്ത് മേൽ പരാമർശിച്ച മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവർത്തനം കേരള സംസ്ഥാന തീരദ്ദേശ വികസന കോർപ്പറേഷൻ വഴിയാണ് നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ആഫീസർ

## അനുബന്ധം

# ആധുനികമത്സ്യമാർക്കറ്റുകൾ

| ക്രമ നം. | മത്സ്യമാർക്കറ്റ് | അടങ്കൽ തുക (ലക്ഷം) | എൻ.എഫ്. ഡി.ബി വിഹിതം (ലക്ഷം) | സംസ്ഥാന വിഹിതം (ലക്ഷം) | നിയോജക മണ്ഡലം | ജില്ല |
|---|---|---|---|---|---|---|
| 1 | നോർത്ത് പറവൂർ | 250.00 | 225.00 | 25.00 | പറവൂർ | എറണാകുളം |
| 2 | ആലുവ | 250.00 | 225.00 | 25.00 | ആലുവ | എറണാകുളം |
| 3 | പത്തനംതിട്ട | 250.00 | 225.00 | 25.00 | പത്തനംതിട്ട | പത്തനംതിട്ട |
| 4 | പാങ്ങോട് | 250.00 | 225.00 | 25.00 | വട്ടിയൂർക്കാവ് | തിരുവനന്തപുരം |
| 5 | തേവര | 150.00 | 121.50 | 28.5 | എറണാകുളം | എറണാകുളം |
| 6 | മൂവാറ്റുപുഴ | 160.00 | 130.50 | 29.5 | മൂവാറ്റുപുഴ | എറണാകുളം |
| 7 | തൊടുപുഴ | 161.20 | 135.00 | 26.20 | തൊടുപുഴ | ഇടുക്കി |
| 8 | ഏറ്റുമാനൂർ | 345.49 | 225.00 | 120.49 | ഏറ്റുമാനൂർ | കോട്ടയം |
| 9 | വൈക്കം | 162.24 | 146.02 | 16.22 | വൈക്കം | കോട്ടയം |
| 10 | ചങ്ങനാശ്ശേരി | 357.76 | 225.00 | 132.76 | ചങ്ങനാശ്ശേരി | കോട്ടയം |
| 11 | മാള | 70.72 | 63.65 | 7.07 | കൊടുങ്ങല്ലൂർ | തൃശ്ശൂർ |
| 12 | മാഞ്ഞൂർ | 117.92 | 100.00 | 17.92 | മാഞ്ഞൂർ | കോട്ടയം |
| 13 | ഇരിഞ്ഞാലക്കുട | 250.00 | 225.00 | 25.00 | ഇരിഞ്ഞാലക്കുട | തൃശ്ശൂർ |
| 14 | കണ്ണൂർ | 250.00 | 225.00 | 25.00 | കണ്ണൂർ | കണ്ണൂർ |
| 15 | പള്ളുരുത്തി | 230.36 | 207.324 | 23.036 | തൃപ്പൂണിത്തുറ | എറണാകുളം |
| 16 | കൽപ്പറ്റ | 148.72 | 133.848 | 14.872 | കൽപ്പറ്റ | വയനാട് |
| 17 | കാസർഗോഡ് | 250.00 | 225.00 | 25.00 | കാസർഗോഡ് | കാസർഗോഡ് |
| 18 | നിലമ്പൂർ | 151.32 | 136.188 | 15.132 | നിലമ്പൂർ | മലപ്പുറം |
| 19 | തലശ്ശേരി | 250.00 | 225.00 | 25.00 | തലശ്ശേരി | കണ്ണൂർ |
| 20 | സുൽത്താൻ ബത്തേരി | 196.56 | 171.00 | 25.56 | സുൽത്താൻ ബത്തേരി | വയനാട് |
| 21 | പാലമേൽ | 174.61 | 146.87 | 27.74 | മാവേലിക്കര | ആലപ്പുഴ |
| 22 | കരുവാറ്റ | 196.53 | 159.12 | 37.41 | ഹരിപ്പാട് | ആലപ്പുഴ |
| 23 | വണ്ടൂർ | 112.31 | 90.00 | 22.31 | വണ്ടൂർ | മലപ്പുറം |
| 24 | കോന്നി | 225.75 | 189.873 | 35.877 | കോന്നി | പത്തനംതിട്ട |
| 25 | പയ്യോളി | 115.63 | 90.00 | 25.63 | കൊയിലാണ്ടി | കോഴിക്കോട് |
| 26 | ചെങ്ങന്നൂർ | 103.74 | 87.83 | 15.91 | ചെങ്ങന്നൂർ | ആലപ്പുഴ |
| 27 | കുളത്തൂർ | 137.55 | 117.25 | 20.30 | നെയ്യാറ്റിൻകര | തിരുവനന്തപുരം |
| 28 | ചിറയിൻകീഴ് | 190.05 | 159.059 | 30.991 | ചിറയിൻകീഴ് | തിരുവനന്തപുരം |
| 29 | കുമിളി | 119.71 | 90.00 | 29.71 | ഉടുമ്പൻചോല | ഇടുക്കി |
| | ആകെ | 5628.17 | 4725.032 | 903.138 | | |

Rajendran
സെക്ഷൻ ഓഫീസർ